**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2219** **09-02-2023 - ൽ മറുപടിയ്ക്ക്**

**റേഷൻകട ലൈസൻസി ഒഴിവുകൾ നികത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **ശ്രീ ജി ആർ അനിൽ**<br>**(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | വടകര താലൂക്കിൽ എസ്.സി./എസ്.ടി. സംവരണ പ്രകാരം എത്ര റേഷൻകട ലൈസെൻസി ഒഴിവുകൾ ഉണ്ടെന്ന് അറിയിക്കാമോ; | (എ) | പട്ടിക ജാതി സംവരണ വിഭാഗത്തിൽ 13 കടകൾക്കും പട്ടിക വർഗ്ഗ സംവരണ വിഭാഗത്തിൽ 1 കടയ്ക്കുമാണ് ഒഴിവുകൾ ഉണ്ടായിരുന്നത്. പ്രസ്തുത കടകളുടെ ലൈസൻസി നിയമനത്തിനായി വിജ്ഞാപനം പുറപ്പെടുവിക്കുകയും ആയതിൻപ്രകാരം 3 കടകളിൽ ലൈസൻസി നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | നിലവിലെ ഒഴിവുകൾ പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ; | (ബി) | പഞ്ചായത്ത്/മുൻസിപ്പാലിറ്റി തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | ആയത് നികത്താൻ നാളിതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (സി) | റേഷൻ കടകളുടെ ലൈസൻസി നിയമനത്തിനായി കണ്ടെത്തിയ ഒഴിവുകൾ നികത്തുന്നതിന് വിജ്ഞാപനം പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകൾ ലഭിച്ചതിൽ ആയഞ്ചേരി, പുറമേരി പഞ്ചായത്തുകളിലെ അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ ടി പഞ്ചായത്തുകൾ ഒഴികെയുള്ളവയിലെ സെയിൽസ്.മാൻമാർ ബഹു.ഹൈക്കോടതിയിൽ കേസ് സമർപ്പിച്ച സാഹചര്യത്തിൽ, ടി കേസിന്റെ അന്തിമ വിധിക്കനുസൃതമായി മാത്രമേ തുടർ നടപടികൾ സാധ്യമാകുകയുള്ളൂ. |
| (ഡി) | സംവരണ പ്രകാരമുള്ള ഒഴിവുകളിൽ ലൈസൻസി നിയമനത്തിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | ക്ലോസ്(സി)യുടെ മറുപടി കണ്ടാലും. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| **ക്രമ നം** | **പഞ്ചായത്ത് /മുൻസിപ്പാലിറ്റി** | **ഒഴിവുകളുടെ എണ്ണം** |
|---:|---|:---:|
| 1 | വടകര മുൻസിപ്പാലിറ്റി | 1 |
| 2 | മരുതോങ്കര പഞ്ചായത്ത് | 1 |
| 3 | നരിപ്പറ്റ പഞ്ചായത്ത് | 1 |
| 4 | കുറ്റ്യാടി പഞ്ചായത്ത് | 1 |
| 5 | കായക്കൊടി പഞ്ചായത്ത് | 1 |
| 6 | ഏറാമാല പഞ്ചായത്ത് | 1 |
| 7 | എച്ചേരി പഞ്ചായത്ത് | 1 |
| 8 | അഴിയൂർ പഞ്ചായത്ത് | 1 |
| 9 | ആയഞ്ചേരി പഞ്ചായത്ത് | 1 |
| 10 | പുറമേരി പഞ്ചായത്ത് | 1 |
| 11 | കാവിലുംപാറ | 1 |